# 15620 120 MINUTES

1. കേരളത്തിലെ ആദ്യത്തെ വൃത്താന്തപത്രമായ 'കേരളമിത്ര'ത്തിന്റെ പത്രാധിപർ ആരായിരുന്നു?
   - A) കേരളവർമ്മ വലിയകോയി തമ്പുരാൻ
   - B) കലൂർ ഉമ്മൻ ഫിലിപ്പോസ്
   - C) ഹെർമൻ ഗുണ്ടർട്ട്
   - D) കണ്ടത്തിൽ വറുഗീസ്മാപ്പിള

2. തമിഴിലെ ചെയ്യുൾ വികാരത്തിലെ ഏതു വിഭാഗത്തിലാണ് കുരങ്ങ്വീരൻ കുരക്ക്വീരനായി മാറുന്നത് ഉൾപ്പെടുന്നത്?
   - A) നീട്ടൽ
   - B) മെലിത്തൽ
   - C) വലിത്തൽ
   - D) കുറുക്കൽ

3. ചോകിരം ഗ്രാമത്തിന്റെ പ്രകൃതിസൗന്ദര്യം വർണ്ണിക്കുന്ന കാവ്യം ഏത്?
   - A) ഉണ്ണുനീലി സന്ദേശം
   - B) ഉണ്ണിച്ചിരുതേവീ ചരിതം
   - C) ഉണ്ണിയാടീ ചരിതം
   - D) ചന്ദ്രോത്സവം

4. ഫാന്റസിയെ ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് ശ്രദ്ധേയമായ ചെറുകഥകൾ എഴുതിയ എഴുത്തുകാരൻ ആര്?
   - A) പി.കേശവദേവ്
   - B) കാരൂർ നീലകണ്ഠപിള്ള
   - C) ആനന്ദ്
   - D) സേതു

5. കൺ + തു = കണ്ടു എന്ന് വർണ്ണവികാരം സംഭവിക്കുന്നത് ഏത് ഉപവിഭാഗത്തിൽപ്പെടുന്നു?
   - A) പൂർവ്വസവർണ്ണനം
   - B) പരസവർണ്ണനം
   - C) വിവർണ്ണനം
   - D) സ്ഥാനവിപര്യയം

6. കൊല്ലവർഷത്തിന് മുൻപുള്ള കേരളഭൂഖണ്ഡത്തെക്കുറിച്ച് ആധികാരിക സൂചനകൾ ലഭിക്കുന്ന കൃതി?
   - A) തൊൽകാപ്പിയം
   - B) നന്നൂൽ
   - C) വീരചോഴിയം
   - D) തിരുക്കുറൽ

7. നാവ്കൊണ്ട് കണ്ഠരന്ധ്രത്തെ തുറക്കുകയും, അടയ്ക്കുകയും ചെയ്യുന്നതും ശ്വാസനാദഭേദം സൃഷ്ടിക്കുന്നതുമായ ഉപാധിക്ക് കേരളപാണിനി പറയുന്ന പേരെന്ത്?
   - A) അനുപ്രദാനം
   - B) കരണവിഭ്രമം
   - C) സംസർഗ്ഗം
   - D) മാർഗ്ഗഭേദം

8. "ഭാഷാകവികൾ തങ്ങളുടെ കവിതാവനിതയ്ക്ക് ഒരു തിരുമംഗല്യമാണ് എന്ന് വിചാരിച്ചുപോരുന്ന പ്രാസം" ഏതാണ്?
   - A) ദ്വിതീയാക്ഷരപ്രാസം
   - B) ആദിപ്രാസം
   - C) അന്ത്യപ്രാസം
   - D) ലാടാനുപ്രാസം

9. താഴെക്കൊടുത്തിരിക്കുന്നവയിൽ അർദ്ധസമവൃത്തം ഏത്?

A) പുഷ്പിതാഗ്ര B) സ്രഗ്ദ്ധര

C) അനുഷ്ഠുപ്പ് D) മന്ദാക്രാന്ത

10. ഏറ്റവും പ്രാചീനമായ ഭാഷാഗദ്യ കൃതി ഏത്?

A) ദൂതവാക്യം B) ബ്രഹ്മാണ്ഡപുരാണം

C) ഭാഷാകൗടിലീയം D) അംബരീഷോപാഖ്യാനം

11. കൃഷ്ണഗാഥയുടെ ഭാഷയ്ക്ക് യോജിച്ച വിവരണം ഏത്?

A) സംസ്കൃത വിഭക്തി പ്രത്യയരൂപങ്ങളുടെ കുറവും നാടോടിപദങ്ങളുടെ ആധിക്യവും

B) സംസ്കൃത വിഭക്ത്യന്ത പ്രത്യയരൂപങ്ങൾ കൂടുതലും ഭാഷീകൃത സംസ്കൃത പദങ്ങൾ കുറവും

C) സാധാരണക്കാരന്റെ സംഭാഷണശൈലി

D) തമിഴ് അക്ഷരമാലയിൽ എഴുതപ്പെട്ടതും, ആറുനയങ്ങൾ പ്രവർത്തിക്കാത്തതും

12. ഭരതമുനി പരാമർശിച്ച അലങ്കാരങ്ങളിൽ പെടാത്തത് ഏത്?

A) ഉപമ B) രൂപകം

C) ദീപകം D) ഉൽപ്രേക്ഷ

13. 'കവിത കീർത്തിയും ധനവും നേടിത്തരുന്നു ലോക വ്യവഹാരത്തെക്കുറിച്ചുള്ള അറിവ് നല്കുന്നു. അതു അമംഗളങ്ങളെ ഇല്ലായ്മ ചെയ്യുന്നു. പരമമായ നിർവൃതി നല്കുന്നു' . കവിതയുടെ പ്രയോജനത്തെ മുൻനിർത്തി ഇങ്ങനെ പറയുന്ന ഭാരതീയ ആലങ്കാരികൻ ആര്?

A) ദണ്ഡി B) രുദ്രടൻ

C) ക്ഷേമേന്ദ്രൻ D) മമ്മടൻ

14. സ്ത്രീവാദ സാഹിത്യനിരൂപണത്തിന് മികച്ച സംഭാവന ചെയ്ത സിമാൻ ഡു ബോവ രചിച്ച കൃതി ഏത്?

A) ഫെമിനൈൻ മിസ്റ്റിക്

B) സെക്കന്റ് സെക്സ്

C) എ റൂം ഫോർ വൺസ് ഓൺ

D) ഫെമിനിസം ഡിവൈഡഡ്

15. ശ്രീശങ്കുകന്റെ രസവ്യാഖ്യാനത്തിന് നല്കപ്പെടുന്ന പേരെന്ത്?

A) അനുമിതിവാദം B) ഉൽപ്പത്തിവാദം

C) ഭുക്തിവാദം D) അഭിവ്യക്തിവാദം

16. പ്രജാപതി എത് നോവലിലെ കഥാപാത്രമാണ്?

A) കൈമുദ്രകൾ B) ധർമ്മപുരാണം

C) ഹിരണ്യകശിപു D) ഭ്രാന്താലയം

17. "ഭാഷാകവിതയുടെ അവസ്ഥ വളരെ കഷ്ടമായിട്ടുള്ളതാണ്" ഈ വാക്യമാണ് മലയാളത്തിലെ ആദ്യത്തെ നിരൂപണവാക്യം എന്ന് പ്രൊഫ.സുകുമാർ അഴിക്കോട് അഭിപ്രായപ്പെടുന്നു. ആരുടേതാണ് പ്രസ്തുത വാക്യം?

A) സി.അന്തപ്പായി B) സി. പി.അച്യുതമേനോൻ
C) കണ്ടത്തിൽ വറുഗീസ്മാപ്പിള D) സി.സി.ഡാവിഡ്

18. "സഹതപിക്കാത്ത ലോകമേ ! യെന്തിലും
സഹകരിക്കുന്ന ശാരദാകാശമേ
വരികയാണിതാ ഞാനൊരധ:കൃതൻ
കരയുവാനായ് പിറന്നൊരു കാമുകൻ" . – ആരുടെ വരികൾ?

A) ചങ്ങമ്പുഴ കൃഷ്ണപിള്ള B) ഇടപ്പള്ളി രാഘവൻപിള്ള
C) പി.ഭാസ്കരൻ D) ജി.ശങ്കരക്കുറുപ്പ്

19. നോവൽ വിഭാഗത്തിൽപ്പെടാത്ത സാഹിത്യകൃതി ഏത്?

A) ആത്മാവിന്റെ മുറിവുകൾ B) മനുഷ്യന് ഒരു ആമുഖം
C) വന്ദേമാതരം D) ഹിമാലയം

20. "തൊണ്ടയിടറുകയും കണ്ണുകലങ്ങുകയും ചെയ്യുമ്പോൾ ഞാനെന്റെ വൃത്തവും പ്രാസവും മറന്നുപോകുന്നു. എന്റെ വൃത്തം ഓടയിൽ പെറ്റുവീഴുന്ന കുഞ്ഞിന്റെ നിലവിളിയുടെ വൃത്തമാണ് " . – രചന ആരുടേത്?

A) ബാലചന്ദ്രൻ ചുള്ളിക്കാട് B) വി.മധുസൂദനൻ നായർ
C) സച്ചിദാനന്ദൻ D) കെ.ജി.ശങ്കരപ്പിള്ള

21. കവിതയുടെ രചനാകാലം ശരിയായി ക്രമപ്പെടുത്തിയതു തെരഞ്ഞെടുക്കുക

A) കുടിയൊഴിക്കൽ, കണ്ണുനീർത്തുള്ളി, ദൈവയോഗം, പുത്തൻകലവും അരിവാളും
B) ദൈവയോഗം, കണ്ണുനീർത്തുള്ളി, പുത്തൻകലവും അരിവാളും, കുടിയൊഴിക്കൽ
C) കണ്ണുനീർത്തുള്ളി,കുടിയൊഴിക്കൽ, ദൈവയോഗം, പുത്തൻകലവും അരിവാളും
D) പുത്തൻകലവും അരിവാളും, ദൈവയോഗം, കണ്ണുനീർത്തുള്ളി, കുടിയൊഴിക്കൽ

22. 'വിവക്ഷിതാന്യപരവാച്യം' – ഈ സംജ്ഞ ഏത് സിദ്ധാന്തവുമായി ബന്ധപ്പെട്ടാണ് പരാമർശിക്കപ്പെടുന്നത്?

A) വക്രോക്തി B) രസം C) ധ്വനി D) ഔചിത്യം

23. സാധാരണീകരണം എന്ന ആശയം ഏത് കാവ്യസിദ്ധാന്തവുമായി ബന്ധപ്പെട്ടാണ് ഉന്നയിക്കപ്പെട്ടത്?

A) ധ്വനി B) രസം C) രീതി D) ഔചിത്യം

24. ജീവചരിത്ര നോവൽ എന്ന വിഭാഗത്തിൽപ്പെടുന്ന കൃതി ഏത്?

A) ഫ്രാൻസിസ് ഇട്ടിക്കോര B) ഗുരു
C) സാധുകൊച്ചൂഞ്ഞ് D) മൃത്യുഞ്ജയം കാവ്യജീവിതം

25. ദ്വിതീയാക്ഷര പ്രാസവുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് തുടക്കംകുറിച്ച വാരികയാണ്

A) മലയാള മനോരമ B) മാതൃഭൂമി

C) നസ്രാണി ദീപിക D) ഭാഷാപോഷിണി

26. 'ആൾക്കൂട്ടത്തിൽ തനിയെ' – ഈ കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?

A) സഞ്ചാരസാഹിത്യം B) ആത്മകഥ

C) ജീവചരിത്രം D) നിരൂപണം

27. പ്രാചീന മധ്യകാല തമിഴിന്റെ കേരളീയ വ്യവഹാരഭാഷയാണ് മലയാളമായി പരിണമിച്ചത് എന്ന് അഭിപ്രായപ്പെടുന്ന ഭാഷാഗവേഷകൻ?

A) ഹെർമ്മൻ ഗുണ്ടർട്ട് B) ഡോ.എ.സി.ശേഖർ

C) എൽ.വി.രാമസ്വാമി അയ്യർ D) ഇളംകുളം കുഞ്ഞൻപിള്ള

28. കഥകളിയിലെ 'തോടയം' എന്ന ചടങ്ങ് എന്താണ്?

A) ഇഷ്ടദേവതയെക്കുറിച്ചുള്ള വന്ദനശ്ലോകങ്ങൾ ചൊല്ലുക

B) അണിയറയിൽ നടൻമാർവന്ന് ഇഷ്ടദേവതകളെ പ്രാർത്ഥിക്കുക

C) നായികാനായകന്മാരുടെ വേഷത്തിൽ രണ്ടു നടന്മാർ കഥാരംഭത്തിലെ ശ്ലോകം ചൊല്ലി പാടുക

D) കഥകളി നടക്കുന്ന വിവരം സമീപസ്ഥരെ അറിയിക്കുന്നതിനായി കേളി കൊട്ടുക

29. നിവർത്തന പ്രക്ഷോഭവുമായി ബന്ധപ്പെട്ട രാഷ്ടീയനേതാവ്?

A) എ.കെ.ഗോപാലൻ B) പട്ടം താണുപിള്ള

C) സി.കേശവൻ D) കെ.കേളപ്പൻ

30. 'ഞാൻ' എന്നപേരിൽ ആത്മകഥാഗ്രന്ഥം രചിച്ചതാര്?

A) പി.കേശവദേവ് B) പി.കുഞ്ഞിരാമൻ നായർ

C) എം.കെ.കെ.നായർ D) എൻ.എൻ.പിള്ള

31. വള്ളത്തോൾ രചിച്ച ആട്ടക്കഥ ഏത്?

A) ബുദ്ധചരിതം B) ഔഷധാഹരണം

C) അംബ D) കർണ്ണശപഥം

32. കൃഷ്ണഗാഥയിൽ പരാമർശിക്കുന്ന നാണയം ഏത്?

A) അച്ച് B) താരം

C) ദമ്പിടി D) വിൽക്കാശ്

33. കേരളവർമ്മ വലിയകോയി തമ്പുരാന്റെ ശാകുന്തളവിവർത്തനത്തിന്റെ പേര്?

A) മണിപ്രവാള ശാകുന്തളം B) കേരള ശാകുന്തളം

C) മലയാള ശാകുന്തളം D) കേരളീയ ശാകുന്തളം

34. പച്ചമലയാള പ്രസ്ഥാനത്തിന് ഏറ്റവും മികച്ച സംഭാവനകൾ നല്കിയ കവി.

A) കുഞ്ഞിക്കുട്ടൻ തമ്പുരാൻ B) കുണ്ടൂർ നാരായണ മേനോൻ

C) കെ.സി.നാരായണൻ നമ്പ്യാർ D) ശീവൊള്ളി നാരായണൻ നമ്പൂതിരി

35. ‘കവനകൗമുദി’ എന്ന കവിതാമാസികയുടെ പത്രാധിപർ ആരായിരുന്നു?

A) മഹാകവി ഉള്ളൂർ B) മഹാകവി വള്ളത്തോൾ

C) മഹാകവി കുമാരനാശാൻ D) മഹാകവി പന്തളം കേരളവർമ്മ

36. എഴുത്തച്ഛനെ തേവർവാഴ്ത്തി പ്രസ്ഥാനത്തിന്റേയും, കുഞ്ചൻനമ്പ്യാരെ തേവർവീഴ്ത്തി പ്രസ്ഥാനത്തിന്റെയും, കുമാരനാശാനെ ജാതികൊല്ലി പ്രസ്ഥാനത്തിന്റേയും നായകന്മാരായി വിശേഷിപ്പിച്ച നിരൂപകൻ ആര്?

A) ജോസഫ് മുണ്ടശ്ശേരി

B) കേസരി എ.ബാലകൃഷ്ണ പിള്ള

C) സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള

D) സാഹിത്യപഞ്ചാനനൻ പി.കെ.നാരായണ പിള്ള

37. ടി.എസ് എലിയട്ടിന്റെ കാവ്യശൈലി ഗാഢമായി സ്വാധീനിച്ചു. പുരാവൃത്ത സൂചനകളും ക്ലാസിക്കുകളിൽ നിന്നും നാടോടി സാഹിത്യത്തിൽനിന്നും ഉള്ള ഉദ്ധരണികളും നിബന്ധിച്ചു രൂപപ്പെടുത്തിയ നാടകീയ കാവ്യഘടന സ്വീകരിച്ചു. അഗാധവും ബഹുമുഖവുമായ പാണ്ഡിത്യത്തിന്റെ ഭാരം സാധാരണ വായനക്കാരിൽനിന്നും അകറ്റി നിർത്തി – ഏതു കവിയെ കുറിച്ചാണ് ഈ പ്രസ്താവന കൂടുതൽ പ്രസക്തമാകുന്നത്?

A) കടമ്മനിട്ട രാമകൃഷ്ണൻ B) എൻ.എൻ.കക്കാട്

C) എൻ.വി.കൃഷ്ണവാരിയർ D) പ്രഭാവർമ്മ

38. പാവക്കൂത്ത് എന്ന അനുഷ്ഠാനകലയ്ക്ക് ആധാരമായിരിക്കുന്ന പുരാണകഥ?

A) രാമായണ കഥ B) കൃഷ്ണാവതാര കഥ

C) ശിവപാർവ്വതീ കഥ D) പാണ്ഡവ കഥ

39. ‘താൻ വർണ്ണിക്കുന്ന മനുഷ്യരോടും, സംഭവങ്ങളോടും, സന്ദർഭങ്ങളോടും ഇത്രമാത്രം അകൽച്ചയും ഒരുതരം നിസ്സംഗമനോഭാവവും മറ്റധികംപേർക്കും കാണുകയില്ല’ – ഈ പ്രസ്താവന ഏറ്റവും യോജിക്കുന്ന കഥാകാരൻ ആര?

A) ഉറൂബ് B) കാരൂർ നീലകണ്ഠപിള്ള

C) എസ്.കെ.പൊറ്റെക്കാട് D) പി.കേശവദേവ്

40. ‘രാമചരിത’ത്തോട് ഭാഷാപരമായ ചാർച്ച പുലർത്തുന്ന കൃതി?

A) വാസുദേവസ്തവം B) തിരുനിഴൽ മാല

C) ഉണ്ണിയച്ചീ ചരിതം D) അനന്തപുര വർണ്ണനം

41. പുരോഗമന കലാസാഹിത്യപ്രസ്ഥാനത്തിന്റെ കാലത്ത് സജീവമായിരുന്ന സാഹിത്യ വിവാദം എന്തായിരുന്നു?

A) പ്രാസവാദം B) ബാലാകലേശവാദം

C) രൂപഭദ്രതാവാദം D) കവിരാമായണവാദം

42. സ്ത്രീസ്വത്വത്തിന്റെ സ്വരം മുഴങ്ങികേൾക്കുന്ന വരികൾ തെരഞ്ഞെടുക്കുക

A) ചരിത്രം ചുവയ്ക്കുന്ന മണ്ണിൽച്ചവുട്ടി–
ച്ചരിച്ചന്നു നീ ചാരു ദൃശ്യം മെനഞ്ഞു.
ചെരിപ്പൂരി മാറ്റാനുമാകാതെ നില്പേൻ
കരയ്ക്കായ്, തിരക്കോളിലും കപ്പലോട്ടാൻ

B) ആരുമില്ലാരുമില്ലേകാന്ത യാമിനീ
നീരാളിയെന്നെപ്പിടിച്ചിരിക്കുന്നുവോ

C) ഗൃഹാതുരമായ മനസ്സിന്റെ തീരാത്തതേടലിൽ
അലിഞ്ഞുതീരുന്ന ദ്വീപാണ് ജീവിതം

D) കോവിലും പ്രതിഷ്ഠയുമായിത്തീർന്ന
ഒരു വീട്ടുപകരണമാണ് ഞാൻ
അടുക്കളയിലെ
തേഞ്ഞുതീരുന്ന ഒരു വീട്ടുപകരണം

43. "ഈടുവെയ്പുകളെല്ലാം പോകിലുംപുതിയൊരു
നാടു നമ്മുടേതാകാമസംഖ്യം തോഴന്മാരും"
– വൈലോപ്പിള്ളിയുടെ ഏത് കവിതയിൽ നിന്നാണ് ഈ വരികൾ?

A) കണ്ണീർപ്പാടം B) കന്നിക്കൊയ്ത്ത്
C) യുഗപരിവർത്തനം D) സർപ്പക്കാട്

44. ഇരയിമ്മൻ തമ്പിയുടേതല്ലാത്ത ആട്ടക്കഥ

A) ഉത്തരാസ്വയംവരം B) ദക്ഷയാഗം
C) കീചകവധം D) ബകവധം

45. "എന്തിന്ന് ഭാരതധരേ കരയുന്നു പാര–
തന്ത്ര്യം നിനക്ക് വിധികല്പിതമാണ് തായേ"
– കുമാരനാശാൻ ഇങ്ങനെ പറയുന്നത് ഏത് കവിതയിൽ?

A) സ്വാതന്ത്ര്യഗാഥ B) ഒരു തീയ്യക്കുട്ടിയുടെ വിചാരം
C) ഒരു ഉദ്ബോധനം D) സിംഹനാദം

46. മഹാകവി ജി.ശങ്കരക്കുറുപ്പിന്റെ 'ഓടക്കുഴൽ' എന്ന കവിതാസമാഹാരത്തിന് അവതാരിക എഴുതിയത് ആര്?

A) സുകുമാർ അഴിക്കോട് B) ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ
C) എസ്.ഗുപ്തൻ നായർ D) പി.ദാമോദരൻപിള്ള

47. 'ലീലാതിലകം'എന്ന ഗ്രന്ഥം ആദ്യമായി സമ്പൂർണ്ണരൂപത്തിൽ പരിഭാഷപ്പെടുത്തി 'ഉച്ചിലനം' എന്ന ടിപ്പണിയോടുകൂടി പ്രസിദ്ധപ്പെടുത്തിയ ഗവേഷക പണ്ഡിതൻ?

A) അപ്പൻ തമ്പുരാൻ B) ആറ്റൂർ കൃഷ്ണപിഷാരടി
C) ശൂരനാട് കുഞ്ഞൻപിള്ള D) ഇളംകുളം കുഞ്ഞൻപിള്ള

48. “ഒരുത്തരെക്കൊണ്ടുപകാരമില്ലെ–
ന്റൊരിക്കലും തമ്പി നിനക്കൊലാ കാൺ
ഉരുട്ടിവെയ്ക്കും പിതൃപിണ്ഡമുണ്മാ–
നൊരിക്കലാ കാകനെ വേണമല്ലോ”. ഏത് കൃതിയിലാണ് ഈ ശ്ലോകം?

A) ശ്രീകൃഷ്ണചരിതം മണിപ്രവാളം
B) വൈശിക തന്ത്രം
C) വാസുദേവസ്തവം
D) പഞ്ചതന്ത്രം കിളിപ്പാട്ട്

49. രേവതി പട്ടത്താനം എന്ന സപ്തദിന വിദ്യുൽസദസ്സ് സംഘടിപ്പിച്ചത്?
A) കോലത്തിരി രാജാവ് B) കൊട്ടാരക്കര തമ്പുരാൻ
C) സാമൂതിരി രാജാവ് D) അമ്പലപ്പുഴ രാജാവ്

50. ആട്ടക്കഥാകാരന്മാരിൽ എണ്ണത്തിൽ കൂടുതൽ മികച്ച കൃതികൾ സംഭാവന ചെയ്തത് ആര്?
A) കൊട്ടാരക്കര തമ്പുരാൻ B) കോട്ടയം തമ്പുരാൻ
C) ഉണ്ണായിവാരിയർ D) വയസ്ക്കര മൂസ്സ്

51. ഐതിഹ്യാത്മകമായ അന്തരീക്ഷം സൃഷ്ടിച്ച് അപസർപ്പക സ്വഭാവമുള്ള ചെറുകഥകൾ രചിച്ച ആദ്യകാല കഥാകൃത്ത് ആര്?
A) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ
B) മൂർക്കോത്ത് കുമാരൻ
C) കെ.സുകുമാരൻ
D) എം.ആർ.കെ.സി

52. “പാശ്ചാത്യ സമ്പ്രദായത്തിലുള്ള ഒരു ഗദ്യപദ്ധതി ഭാഷയിൽ ഇദംപ്രഥമമായി അവതരിപ്പിച്ചിട്ട് ആ പദ്ധതിയിൽ വിവിധ വിഷയങ്ങളെ അധികരിച്ച് പുസ്തകങ്ങളും ഉപന്യാസങ്ങളും രചിച്ച ഒന്നാമത്തെ കേരളീയൻ” എന്ന് മഹാകവി ഉള്ളൂർ വിശേഷിപ്പിച്ചത് ആരെ?

A) ഉറുമീസ് തരകനെ B) റവ.ജോർജ് മാത്തനെ
C) ബെഞ്ചമിൻ ബെയ്‌ലിയെ D) സി.പി. അച്യുതമേനോനെ

53. രാഷ്ട്രീയ ആക്ഷേപഹാസ്യത്തിന് മലയാളത്തിലെ ഒരു മികച്ച ദൃഷ്ടാന്തം?
A) പിതാമഹൻ B) ഒരു ദേശത്തിന്റെ കഥ
C) ഉഷ്ണമേഖല D) ശേഷക്രിയ

54. കല കലയ്ക്ക് വേണ്ടിയാണ് എന്നും എല്ലാ കലകളും അസാന്മാർഗ്ഗികമാണ് എന്നും വാദിച്ച പാശ്ചാത്യ വിമർശകൻ
A) ടി.എസ്.എലിയട്ട് B) മാത്യു ആർനോൾഡ്
C) ഹെർബർട്ട് റീഡ് D) ഓസ്കാർ വൈൽഡ്

55. ഇബ്സന്റെ നാടകരചനാശൈലിയുടെ പ്രഭാവം ഉൾക്കൊള്ളുന്ന നാടകം?

A) ബലാബലം  B) ക്രൈം 1128 ൽ 27
C) വിശറിക്ക് കാറ്റുവേണ്ട  D) സമത്വവാദി

56. മൂർദ്ധന്യ വ്യഞ്ജനമായ വർണ്ണം ഏത്?

A) മ  B) ഴ  C) ഹ  D) റ

57. 'ഇസ്തിരി' എന്ന പദം ഏത് ഭാഷയിൽ നിന്നും സ്വീകരിച്ചതാണ്?

A) അറബിക്  B) പേർഷ്യൻ
C) പോർച്ചുഗീസ്  D) ഫ്രഞ്ച്

58. "ആര്യദ്രാവിഡ വാഗ്ജാതാ
കേരളീയോക്തി കന്യകാ" – ആരുടെ അഭിപ്രായം?

A) എ.ആർ രാജരാജ വർമ്മ  B) ആറ്റൂർ കൃഷ്ണപിഷാരടി
C) ടി.എം അപ്പു നെടുങ്ങാടി  D) കേരളവർമ്മ വലിയകോയിതമ്പുരാൻ

59. സ്വഭാവോക്തി അലങ്കാരമല്ല എന്ന് പറയാൻ കാരണമെന്ത്?

A) വാസ്തവോക്തിവിഭാഗത്തിൽ പെടുന്നതുകൊണ്ട്
B) ചമല്കാര ജനകമല്ലാത്തതുകൊണ്ട്
C) ശ്ലേഷമില്ലാത്തതുകൊണ്ട്
D) സൂക്ഷ്മസ്വഭാവം വർണ്ണിക്കാത്തതുകൊണ്ട്

60. ഭാഷാമിശ്രത്തിൽ രചിക്കപ്പെട്ട കൃതി?

A) രാമചരിതം  B) വൈശിക തന്ത്രം
C) ആലത്തൂർ മണിപ്രവാളം  D) കണ്ണശ്ശ രാമായണം

61. മാത്രാവൃത്തത്തിൽ പെടുന്നകൃതി ഏത്?

A) ആര്യ  B) ഉദ്ഗത
C) വിയോഗിനി  D) കുസുമ മഞ്ജരി

62. അലുപ്ത സമാസത്തിന് ഒരു ഉദാഹരണം?

A) എരിതീ  B) പൂക്കൈത
C) മധുരമൊഴി  D) മഞ്ഞുതൊപ്പി

63. താഴെപ്പറയുന്ന അലങ്കാരങ്ങളിൽ സാമ്യോക്തി വിഭാഗത്തിൽപ്പെടുന്നത് ഏത്?

A) ഉല്ലേഖം  B) പ്രത്യനീകം
C) സമാസോക്തി  D) പ്രതീപം

64. "ഗ്രന്ഥകർത്താവിന്റെ മരണം" എന്ന ആശയം മുന്നോട്ട്വച്ച പാശ്ചാത്യചിന്തകൻ ആര്?

A) ദെറിദ  B) യാക്കോബ്സൺ
C) സൊസ്യൂർ  D) റൊളാങ്ബാർത്ത്

65. “കേരളം വളരുന്നു” എന്ന കവിതാസമാഹാരം ആരുടേതാണ്?
   A) പാലാ നാരായണൻ നായർ   B) വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
   C) ജി.ശങ്കരക്കുറുപ്പ്   D) കുറ്റിപ്പുറത്ത് കേശവൻ നായർ

66. ‘അവസ്ഥാനുകൃതിർ നാട്യം’ ഏത് ഗ്രന്ഥത്തിൽ നിന്നെടുത്തത്?
   A) നാട്യശാസ്ത്രം   B) ദശരൂപകം
   C) ഔചിത്യ വിചാര ചർച്ച   D) രസഗംഗാധരം

67. താഴെപ്പറയുന്ന കൃതികളിൽ ഖണ്ഡകാവ്യം ഏത്?
   A) വിശ്വദർശനം   B) സൗന്ദര്യപൂജ
   C) നങ്ങേമക്കുട്ടി   D) ഓർക്കുക വല്ലപ്പോഴും

68. ക്രോച്ചേയുടെ വീക്ഷണം മുഖ്യമായും ഊന്നുന്നത്
   A) കാവ്യഭാഷയിൽ
   B) അന്തഃദർശനത്തിൽ
   C) ദ്വിതീയഭാവനയെ സംബന്ധിച്ച കാര്യത്തിൽ
   D) ഉദാത്തതയെ സംബന്ധിച്ച വീക്ഷണത്തിൽ

69. വെള്ളായിയപ്പൻ കഥാപാത്രമായിട്ടുള്ള ഒ.വി.വിജയന്റെ ചെറുകഥ?
   A) ചെങ്ങന്നൂർ വണ്ടി   B) മങ്കര
   C) കടൽത്തീരത്ത്   D) എണ്ണ

70. ‘ബലശാലിയിയന്നിടും പുറ–
   ത്തലയാത്തോരു വികാരമുഗ്രമാം
   നിലയറ്റൊരു നീർക്കയത്തിനു–
   ള്ളലയേക്കാൾ ചുഴിയാംഭയങ്കരം” അലങ്കാരമേത്?
   A) അപ്രസ്തുത പ്രശംസ   B) രൂപകാതിശയോക്തി
   C) ദൃഷ്ടാന്തം   D) നിദർശനം

71. ‘നൂതന നൂതന സംസ്ക്കാരമോരോന്നു
   നാൾതോറു മുണ്ടായ്‌വരട്ടെ നാട്ടിൽ
   കോകില കാകളിക്കെന്തു താൻ വ്യത്യാസം
   ഏകുമതാനന്ദ മന്നുമിന്നും’. – വൃത്തമേത്?
   A) കാകളി   B) കേക
   C) മഞ്ജരി   D) ദ്രുതകാകളി

72. ആദിദ്രാവിഡ സംഗീതത്തിന്റെ അവശിഷ്ടം ഇന്നും നിലനില്ക്കുന്നത്?
   A) നാടോടിപ്പാട്ടിൽ   B) സോപാന സംഗീതത്തിൽ
   C) സിനിമാഗാനത്തിൽ   D) കർണ്ണാടക സംഗീതത്തിൽ

73. അഷ്ടമീ വേലയുടേയും പഴഞ്ചേരി ഭദ്രകാളിയുടേയും വർണ്ണനകൊണ്ട് ശ്രദ്ധേയമായ പ്രാചീനകൃതി?
   A) ഉണ്ണിയച്ചീചരിതം   B) ഉണ്ണുനീലിസന്ദേശം
   C) ഉണ്ണിയാടീചരിതം   D) ചന്ദ്രോത്സവം

74. ചങ്ങമ്പുഴയുടെ ‘മനസ്വിനി’ ഏത് സമാഹാരത്തിൽ ഉൾപ്പെട്ട കവിതയാണ്?
A) ബാഷ്പാഞ്ജലി B) ഓണപ്പൂക്കൾ
C) സ്പന്ദിക്കുന്ന അസ്ഥിമാടം D) സ്വരരാഗസുധ

75. എൻഡോസൾഫാൻ വിതച്ച ദുരന്തത്തെ ഇതിവൃത്തമാക്കി രചിക്കപ്പെട്ട നോവൽ ഏത്?
A) ഏഴിനും മീതെ B) എൻമകജെ
C) ആഗ്നേയം D) വിഷകന്യക

76. തദ്ധിതത്തിന്റെ ഉദാഹരണമാണ്?
A) മടിയൻ B) രണ്ടാം
C) അത്ര D) കറുപ്പ്

77. ‘നീർമാതളം പൂത്തകാലം’ – ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?
A) ചെറുകഥ B) നോവൽ
C) സഞ്ചാരസാഹിത്യം D) ആത്മകഥ

78. ഫാന്റസിയുടെ സാധ്യതകൾ ഉപയോഗിച്ച് എഴുതപ്പെട്ട നോവൽ
A) പാണ്ഡവപുരം B) അന്ധകാരനാഴി
C) തക്ഷൻകുന്ന് സ്വരൂപം D) ഏണിപ്പടികൾ

79. കാരകകൃത്ത് എന്ന വിഭാഗത്തിൽപ്പെടുന്ന പദം
A) വളർച്ച B) കാറ്റാടി
C) പകർപ്പ് D) മറവി

80. മലയാളത്തിലെ ആദ്യത്തെ പ്രഹസനം?
A) കുറുപ്പില്ലാക്കളരി B) ചന്ദ്രമുഖീവിലാസം
C) പെണ്ണരശുനാട് D) സീതാലക്ഷ്മി

81. “ദയയൊരു ലവലേശംപോലുമില്ലാത്ത ദേശം
പരമിഹപരദേശം പാർക്കിലത്യന്ത മോശം
പറകിൽ നഹികലാശം നോക്കിയങ്ങേക ദേശം
സുമുഖി, നരകദേശം തന്നെയാണപ്രദേശം”. എന്ന വർണ്ണന ആരുടേതാണ്?
A) വെണ്മണി അച്ഛന്റെ B) വെണ്മണി മഹന്റെ
C) ഒറവങ്കരയുടെ D) കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ

82. അർത്ഥാപകർഷത്തിന് നല്കാൻ കഴിയുന്ന ഉദാഹരണമാണ്
A) ഭസ്മം B) ദീനം
C) മാടം D) പണം

83. കണ്ണശ്ശകവികളിൽ ഒരാളായ രാമപ്പണിക്കർ രചിക്കാത്ത കൃതി?
A) രാമായണം B) ശിവരാത്രി മാഹാത്മ്യം
C) ഭാഷാഭഗവത്ഗീത D) ഭാഗവതം പാട്ട്

84. തനത് നാടകപ്രസ്ഥാനത്തിൽ പെടുന്നകൃതി

A) ആ മനുഷ്യൻ നീ തന്നെ B) കലി

C) മണൽക്കാട് D) പളുങ്ക്പാത്രം

85. 'ഘാതകവധം' എന്ന നോവലിൽ പ്രതിപാദ്യമല്ലാത്ത കാര്യം?

A) ഇംഗ്ലീഷ് വിദ്യാഭ്യാസം വ്യക്തിക്ക് ലഭ്യമാക്കുന്ന ഔന്നത്യം

B) പരിവർത്തിത ക്രിസ്ത്യാനികൾ അനുഭവിക്കുന്ന ദുരിതം

C) ക്രിസ്തീയത കണികാണാൻ പോലുമില്ലെന്ന ദുരവസ്ഥ

D) കോശികുര്യന്റെ മന:പരിവർത്തനം

86. "സംഗീതലക്ഷ്യം പരമാവധി നേടാൻവേണ്ടി ഉണ്ണായിവാരിയർ അനുപ്രാസം, ഛേകാനുപ്രാസം, ആദിപ്രാസം, അന്ത്യപ്രാസം എന്നിവ മാത്രമല്ല, പേരിടാൻ പറ്റാത്ത പലപ്രാസങ്ങളും അതിവിദഗ്ദ്ധമായ രീതിയിൽ പ്രയോഗിച്ചിട്ടുണ്ട്". നളചരിതം ആട്ടക്കഥയെക്കുറിച്ച് ഈ അഭിപ്രായം ആരുടേത്?

A) എ.ആർ.രാജ രാജ വർമ്മ

B) മഹാകവി ഉള്ളൂർ

C) പ്രൊഫ.എസ്.ഗുപ്തൻ നായർ

D) പ്രൊഫ.പന്മന രാമചന്ദ്രൻനായർ

87. സാഹിത്യപ്രസ്ഥാനങ്ങളേയും രൂപങ്ങളേയും ഹാസ്യാനുകരണത്തിന് വിധേയമാക്കുന്ന 'ബർലസ്ക്ക്' എന്ന ഹാസ്യരൂപത്തിൽ ഉൾപ്പെടാത്ത കൃതി ഏത്?

A) ചക്കീ ചങ്കരം B) പറങ്ങോടീ പരിണയം

C) സദാരാമ D) ദാത്യൂഹ സന്ദേശം

88. ജെരാർദിന്റെ 'അലങ്കാരശാസ്ത്രം' എന്ന ഗ്രന്ഥം ചർച്ചചെയ്യുന്ന വിഷയം?

A) പ്രഭാഷണകല B) ഭാരതീയാലങ്കാര പദ്ധതി

C) പാശ്ചാത്യാലങ്കാര സങ്കല്പം D) അലങ്കാരങ്ങളുടെ താരതമ്യം

89. 'സ്വന്തം കൃതിയിലെ ഉദാത്തതയുടെ സാന്നിധ്യം സാഹിത്യകാരനെ ഈശ്വരന്റെ പരമ ചൈതന്യത്തിന്റെ അരികിലേക്ക് ഉയർത്തുന്നു.'എന്ന് പറഞ്ഞ പാശ്ചാത്യ കലാചിന്തകനാര്?

A) പ്ലേറ്റോ B) അരിസ്റ്റോട്ടിൽ

C) ലോംഗിനസ് D) കോളറിഡ്ജ്

90. സംശ്ലിഷ്ട കക്ഷ്യയിൽ പെടുന്ന ഭാഷയാണ്?

A) ചൈനീസ് B) ഇംഗ്ലീഷ്

C) മലയാളം D) സംസ്കൃതം

91. 'ആയി പോയി ചത്തുവെന്നെല്ലാം
വ്യത്യസ്തം പലതുണ്ടിഹ' – ഈ കാരിക ചർച്ചചെയ്യുന്നത് എവിടെ?

A) സന്ധിപ്രകരണം B) ആകാംക്ഷധികാരം

C) ധാത്വധികാരം D) ഭേദാകാധികാരം

92. ‘ഗ്രാമീണ ജീവിതത്തിന്റെ സ്വാഭാവികവും പരുക്കനുമായ ഭാഷ ഉപയോഗിച്ച് ഭാവാവിഷ്കരണം നടത്തുന്നു.’ – ഈ പ്രസ്താവം ആരുടെ കാവ്യഭാഷയ്ക്കാണ് യോജിച്ചത്?

A) ഇടശ്ശേരിയുടെ B) അക്കിത്തത്തിന്റെ
C) വൈലോപ്പിള്ളിയുടെ D) ചങ്ങമ്പുഴയുടെ

93. ‘സതൃണാദ്യവഹാരികൾ’ എന്നതുകൊണ്ട് ആലങ്കാരികനായ രാജശേഖരൻ അർത്ഥമാക്കുന്നത് ഏതുതരം സഹൃദയരെ?

A) സഹൃദയത്വം ഇല്ലാത്തവരെ
B) വിവേകമില്ലാത്തവരെ
C) കാവ്യവുമായി സംവദിക്കാൻ തയ്യാറല്ലാത്തവരെ
D) കാവ്യമർമ്മം ശരിക്കറിയാവുന്ന യഥാർത്ഥ സഹൃദയരെ

94. ‘ല’ കാരം ഉൾപ്പെടുന്ന വർഗ്ഗം

A) താലവ്യം B) ഓഷ്ഠ്യം C) ദന്ത്യം D) കണ്ഠ്യം

95. മലയാളവാക്യത്തിന്റെ സാമാന്യസ്വഭാവം അതിന്റെ?

A) സങ്കീർണ്ണതയാണ് B) ആർജ്ജവമാണ്
C) കർമ്മണിപ്രയോഗമാണ് D) സമസ്തപദ ബാഹുല്യമാണ്

96. സ്വതന്ത്രമായ ഗ്രന്ഥങ്ങൾ രചിക്കാതെ വിഖ്യാതഗ്രന്ഥങ്ങൾക്ക് വ്യാഖ്യാനം മാത്രം എഴുതി മൗലികമായ കാവ്യചിന്തകൾ അവതരിപ്പിച്ച ആലങ്കാരികൻ ആര്?

A) വാമനൻ B) മഹിമഭട്ടൻ
C) അഭിനവഗുപ്തൻ D) ആനന്ദവർദ്ധനൻ

97. ‘ഇത്രനേരം’ – ഇതു ഭേദകത്തിന്റെ ഏത് വിഭാഗത്തിൽപ്പെടുന്നു?

A) നാമാംഗജം B) ക്രിയാംഗജം
C) വിഭാവകം D) പാരിമാണികം

98. ടി.എസ്,എലിയട്ടിന്റെ ശ്രദ്ധേയമായ നിരൂപണാശയം എന്ത്?

A) സഹൃദയന്റെ ചോദനകളെ തൃപ്തിപ്പെടുത്തി മനസ്സിനെ സമതുലിതാവസ്ഥയിൽ എത്തിക്കുമ്പോൾ സൗന്ദര്യാനുഭവം ഉണ്ടാകുന്നു
B) മതാത്മക വികാരത്തിന്റെ അഭിസംക്രമണമാണ് കല
C) പ്രശാന്തതയിൽ അനുസ്മരിക്കുന്ന വികാരമാണ് കവിത
D) കവിക്ക് ആവിഷ്കരിക്കാൻ ഒരു വ്യക്തിത്വമില്ല; മാധ്യമമേ ഉള്ളൂ. അതിൽ അനുഭവങ്ങൾ പ്രത്യേകരീതിയിൽ സംയോജിപ്പിക്കുന്നു.

99. നിരൂപണശാഖയിൽ ഉൾപ്പെടാത്ത കൃതി?

A) ഐഡന്റിറ്റി കാർഡ്
B) രാജാങ്കണം
C) ദൈവനീതിക്ക് ദാക്ഷിണ്യമില്ല
D) മരുഭൂമികൾ പൂക്കുമ്പോൾ

100. 'ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ
പാരിൽ പരക്ലേശവിവേകമുള്ളൂ'. – ഇത് ആരുടെ വരികൾ?
A) പൂന്താനം നമ്പൂതിരി B) കുറ്റിപ്പുറത്തു കേശവൻനായർ
C) കുഞ്ചൻ നമ്പ്യാർ D) വള്ളത്തോൾ

101. നാട്യശാസ്ത്രത്തിന് 'ബാലരാമഭരതം' എന്ന വ്യാഖ്യാനം രചിച്ച തിരുവിതാംകൂർ രാജാവ് ആര്?
A) കാർത്തിക തിരുനാൾ രാമവർമ്മ
B) സ്വാതി തിരുനാൾ
C) അശ്വതി തിരുനാൾ
D) ആയില്യം തിരുനാൾ

102. രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ അന്തർധാരയുള്ള ചെറുകഥകൾ എഴുതിയ സാഹിത്യകാരൻ?
A) എം. ടി വാസുദേവൻ നായർ B) മാധവിക്കുട്ടി
C) പട്ടത്തുവിള കരുണാകരൻ D) എൻ മോഹനൻ

103. തൻവിനയെച്ചത്തിന്റെ ഉദാഹരണമാണ്?
A) കേൾക്കിൽ B) പറക
C) കേൾക്കവെ D) ചെയ്യേണം

104. ആട്ടക്കഥ രചിക്കാത്ത കവി ഇവരിൽ ആരാണ്?
A) അശ്വതി തിരുനാൾ രാജാവ് B) മഹാകവി ഉള്ളൂർ
C) എൻ.വി.കൃഷ്ണ വാരിയർ D) വൈലോപ്പിള്ളി

105. ഉത്തരദ്രാവിഡ ഭാഷാകുടുംബത്തിൽ പെടുന്ന ഭാഷയേത്?
A) തെലുങ്ക് B) ബ്രാഹുയി
C) തമിഴ് D) മലയാളം

106. 'ശബ്ദാർത്ഥൗ സഹിതൗ കാവ്യം' – ഈ നിർവ്വചനം ആരുടെ?
A) വിശ്വനാഥ കവിരാജൻ B) ഭാമഹൻ
C) മമ്മടൻ D) രുദ്രടൻ

107. ശബ്ദങ്ങൾക്ക് അർത്ഥ ക്ലുപ്തി വരുത്തുന്നതിനുള്ള അഭിധാനിയാമകങ്ങളിൽ പെടാത്തത് ഏത്?
A) സംയോഗം B) വിപ്രയോഗം
C) സാഹചര്യം D) സമാധി

108. പ്ലോട്ടിനസ് എന്ന പാശ്ചാത്യകലാ ചിന്തകന്റെ പ്രാധാന്യം?
A) അദ്ദേഹം അരിസ്റ്റോട്ടിലിന്റെ സിദ്ധാന്തത്തെ നിഷേധിച്ചു
B) അദ്ദേഹം പ്ലേറ്റോവിന്റെ അനുകരണസിദ്ധാന്തത്തെ ന്യായീകരിച്ചു
C) അദ്ദേഹം കലയിൽ വസ്തുനിഷ്ഠ സൗന്ദര്യത്തെ അംഗീകരിച്ചു
D) അദ്ദേഹം കലയിലെ യോഗാത്മകമായ (Mystic) സൗന്ദര്യാനുഭവത്തെ ഉയർത്തിക്കാട്ടി

109. ആലങ്കാരികനായ കുന്തകൻ വിശദീകരിക്കുന്ന ആറുതരം വക്രതകളിൽ അനുപ്രാസം ഏതു വക്രതയിൽ ഉൾപ്പെടുന്നു?

A) വർണ്ണവിന്യാസ വക്രത B) പദപൂർവ്വാർദ്ധ വക്രത

C) പദപരാർദ്ധ വക്രത D) വാകൃവക്രത

110. മലയാളം എന്ന സംജ്ഞയുടെ ഏറ്റവും സ്വാഭാവികമായ നിരുക്തി ഏത്?

A) മല + അളം B) മല + ആഴം

C) മലയൻ + ആളം D) മല + ആളം

111. പാശ്ചാത്യ നിരൂപണത്തിൽ നിയോക്ലാസിക് കലാവീക്ഷണം ഇല്ലാത്ത വ്യക്തി?

A) ഡ്രൈഡൻ

B) സാമുവൽ ജോൺസൺ

C) അലക്സാണ്ടർ പോപ്പ്

D) കോളറിഡ്ജ്

112. 'തിരുനിഴൽ മാല' യുടെ കർത്താവ് ആര്?

A) ഗോവിന്ദൻ B) ദേവൻ ശ്രീകുമാർ

C) മലയിൻകീഴ് മാധവൻ D) അജ്ഞാതകർത്തൃക

113. ഗുണീഭൂതവ്യംഗ്യം എന്നാലെന്ത്?

A) വർദ്ധിതമായനിലയിൽ വ്യംഗ്യമുള്ളത്

B) വ്യംഗ്യത്തിന് അപ്രധാനത സംഭവിക്കുന്നത്

C) വ്യംഗ്യത്തിനും വാച്യാർത്ഥത്തിനും തുല്യപ്രാധാന്യമുള്ളത്

D) പ്രതീയമാനമായ അർത്ഥം ഇല്ലാത്തത്

114. കേരളപാണിനീയം പരിഷ്കരിച്ച പതിപ്പിന് ഇംഗ്ലീഷിലുള്ള അവതാരിക എഴുതിയതാര്?

A) പി.കെ നാരായണപിള്ള

B) ഡോ.കെ ഗോദവർമ്മ

C) കേരളവർമ്മ വലിയകോയി തമ്പുരാൻ

D) എം.ശ്രീനിവാസ അയ്യങ്കാർ

115. 'കർമ്മയോഗം' എന്ന ഉപാധിയെ കേരളപാണിനി അവതരിപ്പിക്കുന്നത് ഏത് സന്ദർഭത്തിലാണ്?

A) വിഭക്തിപ്രകരണം B) കാലപ്രകരണം

C) ആകാംക്ഷാപ്രകരണം D) പ്രയോജകപ്രകരണം

116. 'നലമുള്ളൊരു നവഗുണ പരിമളനെ
നളനെന്നൊരു നൃപനെ അവൾ വരിച്ചു'. – ഇതിൽ ഏതുതരം പദദോഷമാണ് ആരോപിക്കപ്പെടുന്നത്?

A) സന്ദിഗ്ദ്ധത B) നേയാർത്ഥം

C) ച്യുതസംസ്ക്കാരം D) ഗ്രാമ്യം

117. ഓരോവരിയിലും 12 അക്ഷരമുള്ള സംസ്കൃതവൃത്തമാണ്?

A) വസന്തതിലകം B) ഇന്ദ്രവജ്ര

C) വംശസ്ഥം D) മാലിനി

118. ഭാഷാഭൂഷണത്തിൽ അർത്ഥാലങ്കാരങ്ങൾ നാല് ആയി വിഭജിക്കുന്നതിന് എ.ആർ ഏതു ഗ്രന്ഥമാണ് മാതൃക ആക്കിയിട്ടുള്ളത്?

A) വാമനന്റെ കാവ്യാലങ്കാര സൂത്രവൃത്തി

B) രുദ്രടന്റെ കാവ്യാലങ്കാരം

C) ദണ്ഡിയുടെ കാവ്യാദർശനം

D) ഭാമഹന്റെ കാവ്യാലങ്കാരം

119. കുഞ്ചൻ നമ്പ്യാർ തന്റെ തുള്ളലുകളിൽ പരാമർശിക്കുന്ന തെക്കൻപാട്ട് ഏത്?

A) ഇരവിക്കുട്ടിപ്പിള്ള പ്പോര് B) മുച്ചോട്ടുമല്ലൻ കഥ

C) ഉലകുടെ പെരുമാൾ പാട്ട് D) കന്നടിയാൻ പോര്

120. വള്ളത്തോൾ കവിതയെ ശൈലീ ശാസ്ത്ര നിഷ്ഠമായി സമീപിച്ച് ഗ്രന്ഥം രചിച്ച സാഹിത്യകാരൻ ആര്?

A) തായാട്ട് ശങ്കരൻ

B) എൻ.വി കൃഷ്ണവാരിയർ

C) ഡോ. ചാത്തനാത്ത് അച്യുതനുണ്ണി

D) പ്രൊഫ.എൻ കൃഷ്ണപിള്ള

***************